(ബി) പ്രധാനമായും ഏതെല്ലാം വിഷയങ്ങളെ സംബന്ധിച്ചിട്ടുള്ള പരാതികളിന്മേലാണ് വിശദീകരണം ആരാഞ്ഞത് ;

(സി) വകുപ്പിൽനിന്നോ സർക്കാരിൽനിന്നോ വിവിധ സർക്കാർ ഏജൻസികളിൽനിന്നോ ഉണ്ടായ നീതി നിഷേധം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; ഏതെല്ലാമായിരുന്നു പരാതികൾ ; ഇവ നേരത്തേ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതും നടപടി സ്വീകരിച്ചതുമാണോ ;

(ഡി) പരാതികളെ സംബന്ധിച്ച് സർക്കാർ കമ്മീഷന് മറുപടി നൽകിയിട്ടുണ്ടോ ; പ്രസ്തുത മറുപടി കമ്മീഷന് സ്വീകാര്യമായിരുന്നോ ; മറുപടി നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങൾ നൽകിയ പരാതികൾ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പിനോട് വിശദീകരണം ആരാഞ്ഞിട്ടില്ല.

(ബി-ഡി) ബാധകമല്ല.

മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനത്തിനായി വകയിരുത്തിയ തുക

232 (3668) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിവികസന വകുപ്പിന്റെ കീഴിൽ വെള്ളായണിയിലെ മാതൃകാ റസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെയുള്ള 10 റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന ചെലവുകൾക്കും അടിസ്ഥാന സൗകര്യവികസനത്തിനുമായി 2013-14-ലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) 2014-15-ലെ ബഡ്ജറ്റിൽ പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനത്തിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14-ലെ ബഡ്ജറ്റിൽ 960.19 ലക്ഷം രൂപ വകയിരുത്തുകയും, 788.27 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2014-15 ബഡ്ജറ്റിൽ 1700 ലക്ഷം രൂപ വകയിരുത്തുകയും 928.53 ലക്ഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ആലത്തൂർ എരിമയൂർ കണ്ടുകാട് കോളനിയിലെ പദ്ധതി പ്രവർത്തനം

233 (3669) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കണ്ടുകാട് കോളനിയിലെ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളത് ;

(ഡി) സമഗ്ര വികസന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും ;

(ഇ) പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. 65 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) റീറ്റെയിനിംഗ് വാൾ നിർമ്മാണം - 230 മീറ്റർ, ഭവന പുനരുദ്ധാരണം (പ്ലാസ്റ്ററിംഗ്) - 28 എണ്ണം, കോൺക്രീറ്റ് റീറ്റെയിനിംഗ് വാൾ - 123 മീറ്റർ, വാട്ടർ ടാങ്ക് നിർമ്മാണം - 20,000 ലിറ്റർ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കുടിവെള്ള പദ്ധതിയാണ് ഇനി പൂർത്തികരിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly